## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3140** **19/06/2018-ൽ മറുപടിയ്ക്ക്**

# സ്കൂൾ ബസ്സുകളുടെ സംരക്ഷണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാൻ നടപടി

| ചോദ്യം<br><br>ശ്രീ.ചിറ്റയം ഗോപകുമാർ | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സർക്കാർ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന്റെ ഭാഗമായി വിദ്യാർത്ഥികളുടെ യാത്രാസൗകര്യത്തിന് സ്കൂൾ ബസ്സുകൾ അനിവാര്യമായ സാഹചര്യത്തിൽ എം.എൽ.എ ഫണ്ട് / നിയോജകമണ്ഡലം ആസ്തിവികസന ഫണ്ട് എന്നിവ വിനിയോഗിച്ച് സ്കൂളുകൾക്ക് ബസ്സുകൾ വാങ്ങി നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത ബസ്സുകൾ സംരക്ഷിച്ച് പരിപാലിക്കുന്നതിന് പി.റ്റി.എ കൾ ബുദ്ധിമുട്ടുന്നതിനാൽ അവയുടെ സംരക്ഷണ ചെലവുകൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ മുഖേന വഹിക്കുന്നതിന് യഥേഷ്ടാനുമതി നൽകുന്നതിന് തീരുമാനം എടുക്കണമെന്നുള്ള ആവശ്യം പരിഗണിക്കാമോ; | (ബി) & (സി) | ബസ്സുകളുടെ സംരക്ഷണ ചെലവുകൾ ഏറ്റെടുത്താൽ അത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക ബാദ്ധ്യത വർദ്ധിപ്പിക്കുകയും തനത് വരുമാനം കുറഞ്ഞ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് ടി ചെലവ് വഹിക്കുവാൻ കഴിയാതെ വരികയും ചെയ്യും. ആയതിനാൽ ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| (സി) | പൊതു വിദ്യാഭ്യാസ മേഖലയെ പരമാവധി ശ്രദ്ധീകരിക്കുവാൻ ശ്രദ്ധിക്കുന്ന ഈ സർക്കാരിന്റെ ഭാഗത്ത് നിന്നും ഇക്കാര്യത്തിൽ സമയബന്ധിത നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ